(ബി&സി) കാസർഗോഡ് ജില്ലയിൽ എം.എ.സി.ടി. കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയും ഇതുണ്ടാക്കുന്ന സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് തുടങ്ങാൻ നിർവ്വാഹമില്ലെന്ന് ഹൈക്കോടതിയെ അറിയിക്കുകയുമുണ്ടായി. തുടർന്ന് ഹൈക്കോടതി വീണ്ടും സർക്കാരിലേക്ക് കോടതി തുടങ്ങുന്നത് സംബന്ധിച്ച് ശിപാർശ നൽകിയത് പരിശോധിച്ചുവരുന്നു.

ഷെട്ടി കമ്മീഷൻ ശിപാർശ

34 (3665) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നീതിന്യായ വകുപ്പിൽ ഷെട്ടി കമ്മീഷൻ ശിപാർശ പ്രകാരം ശിരസ്തദാർ, പ്രോസസ്സ് സർവർമാർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I, II എന്നിവർക്ക് എന്തെല്ലാം ആനുകൂല്യമാണ് നൽകേണ്ടിയിരുന്നത്; പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

നീതിന്യായ വകുപ്പിൽ ഷെട്ടി കമ്മീഷൻ ശിപാർശ പ്രകാരം ശിരസ്തദാർ, പ്രോസസ്സ് സർവർമാർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I, II എന്നിവർക്ക് യഥാക്രമം 7,800-12,975, 2,750-4,625, 5,000-8,150, 4,000-6,090 എന്നീ ശമ്പള സ്കെയിൽ വർദ്ധനയാണ് 1-4-2003-മുതൽ പ്രാബല്യത്തിൽ നൽകേണ്ടിയിരുന്നത്. ആയത് 1-4-2003 മുതൽ പ്രാബല്യത്തിൽ നൽകി ഉത്തരവായിട്ടുള്ളത്. ഇതു കൂടാതെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് സ്പെഷ്യൽ അലവൻസ്, പ്രോസസ്സ് സർവർമാർക്ക് യാത്രാബത്ത, മെഡിക്കൽ അലവൻസ് എന്നിവയും ഷെട്ടി കമ്മീഷൻ നിർദ്ദേശ പ്രകാരം നൽകുന്നുണ്ട്.

കോഴിക്കോട് ജില്ലയിലെ പുതിയ കോടതികൾ

35 (3666) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ പുതുതായി എത്ര കോടതികൾ തുടങ്ങുവാനാണ് ഉത്തരവിറക്കിയത് ; അവ ഏതെല്ലാം ;

(ബി) പ്രസ്തുത കോടതികളിൽ ഏതെല്ലാം തസ്തികകളാണ് ആവശ്യമായി വരുന്നത് ; കോടതി തിരിച്ച് തസ്തികയും എണ്ണവും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly